# പട്വർധനു നേരെ സെൻസർബോർഡിന്റെ കത്രിക പ്രയോഗം

മീഡിയാമേറ്റ് ന്യൂസ് സർവ്വീസ്

മുംബൈ അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ മികച്ച ചിത്രമായ ആനന്ദ് പട്വർധന്റെ 'യുദ്ധവും സമാധാനവും' സെൻസർ ബോർഡിന്റെ അതിദാരുണമായ കത്രിക പ്രയോഗത്തിനിരയായി. കൽക്കത്ത ചലച്ചിത്രമേളയിൽ മറ്റ് അവാർഡ് ചിത്രങ്ങൾക്കൊപ്പം ഈ ചിത്രവും പ്രദർശിപ്പിക്കാൻ ഇന്ത്യൻ ഫിലിംസ് ഡിവിഷൻ തീരുമാനിച്ചിരുന്നു. എന്നാൽ മറ്റ് ചിത്രങ്ങളെല്ലാം പ്രദർശിപ്പിച്ചപ്പോൾ ഉൽഘാടന ചിത്രമായ 'യുദ്ധവും സമാധാനവും' മാത്രം പ്രദർശിപ്പിച്ചില്ല. ചിത്രം എത്തിയില്ല എന്നാണ് മേളയിലെ നടത്തിപ്പുകാർ കൽക്കത്തയിലെ പത്രക്കാരോട് പറഞ്ഞത്.

ചിത്രം പൂർത്തിയായി ഉടനെ തന്നെ സെൻസറിങ്ങിന് നൽകിയെങ്കിലും സെൻസർ ബോർഡ് പരിശോധന വിഭാഗത്തെ നിയോഗിക്കാൻ ഏറെ കാലതാമസമെടുത്തു. അവസാനം ജൂൺ 6ന് പരിശോധകർ ചിത്രം കണ്ടു. പരിശോധകർ അഭിപ്രായ സമന്വയത്തിലെത്തിയില്ല എന്ന കാരണം പറഞ്ഞ് പ്രദർശനത്തിൽ പങ്കെടുത്ത സംവിധായകനോട് ചിത്രത്തെപ്പറ്റി ചർച്ച ചെയ്യുകതേയില്ല. എന്നാൽ ഒരാഴ്ചക്കകം നൽകിയ കത്ത് സെൻസർ ബോർഡിന്റെ ഏകപക്ഷീയവും ജനാധിപത്യവിരുദ്ധവുമായ സമീപനം തെളിയിക്കുന്നതായിരുന്നു. കീഴ്വഴക്കങ്ങളെല്ലാം ലംഘിച്ച് ആസൂത്രിതമായി ചിത്രത്തിൽ നിന്ന് മുറിച്ച് മാറ്റാൻ സെൻസർ ബോർഡ് നിർദ്ദേശിച്ച ഭാഗങ്ങൾ

ഒന്ന് - ഇന്ത്യൻ പതാക കത്തിയെരിയുന്ന ദൃശ്യം - പാകിസ്ഥാന്റേയും ഇന്ത്യയുടേയും സങ്കുചിത ദേശീയ വികാരം ചിത്രീകരിക്കുന്ന ദൃശ്യമാണിത്. എന്നാൽ പാക്കിസ്ഥാൻ ദേശീയ പതാക കത്തിയെരിയുന്ന ദൃശ്യം കാണിക്കാൻ സെൻസർ ബോർഡിന് തടസ്സമില്ല. യുദ്ധക്കൊതിയന്മാരെ തുറന്നു കാട്ടുന്ന ഈ ചിത്രം ഇരു രാജ്യത്തേയും സമാധന പ്രേമികളുടെ ശ്രദ്ധേയമായ നിലപാടുകളെ പുകഴ്ത്തുന്നു.

രണ്ട് - ദളിത് നേതാവ് സംസാരിക്കുന്ന മുഴുവൻ ദൃശ്യങ്ങളും - ബുദ്ധന്റെ പിറന്നാളിന് തന്നെ ആണവപരീക്ഷണം നടത്തിയതും 'ബുദ്ധന്റെ ചിരി' എന്ന് പരീക്ഷണത്തിന് പേരിട്ടതും അപലപിക്കുന്ന നവബുദ്ധമതാനുയായി ആയ ദളിത് നേതാവിന്റെ സംസാരം സെൻസർ ബോർഡിന് സഹിച്ചില്ല.

മൂന്ന് - ഗാന്ധിയെ വധിച്ചത് ബ്രാഹ്മണനാണെന്ന് വിവരിക്കുന്ന ഒരു ദളിത് ഗാനം.

നാല് - ഇന്ത്യയിലെപ്രമുഖനായൊരു ശാസ്ത്രജ്ഞന്റെ 'ചൈനയാണ് നമ്മുടെ ശത്രു' എന്ന അഭിപ്രായം-നമ്മുടെ അണ്വായുധ നിർമ്മാണം ആവർത്തിച്ച് ന്യായീകരിക്കപ്പെട്ടത് പ്രതിരോധമന്ത്രിയടക്കമുള്ളവരുടെ ഇതേ അഭിപ്രയത്തിന്റെ പിൻബലത്തിലാണ്.

അഞ്ച് - സിനിമയിൽ ദൃശ്യമാകുന്ന തെഹൽക്ക ടേപ്പിലെ മുഴുവൻ ഭാഗങ്ങളും. നമ്മുടെ ദൃശ്യമാധ്യമങ്ങളിൽ പലവട്ടം കാണിച്ച ഭരണപക്ഷത്തെ ഈ അഴിമതികൾ വിലക്കിയ സെൻസർ ബോർഡ് ബോഫേഴ്സ് കോടിയിടപാടിന്റെ പരാമർശങ്ങൾ വിലക്കിയില്ല എന്നതാണ് ശ്രദ്ധേയം. ബോഫേഴ്സ് ഇടപാടുകൾ വിരൽ ചൂണ്ടുന്നത് പ്രതിപക്ഷത്തെയാണല്ലോ.

ആറ് - 'പൊതുവായ' എന്ന ശീർഷകത്തിൽ പ്രധാനമന്ത്രിയും മന്ത്രിമാരുമടക്കമുള്ള മുഴുവൻ രാഷ്ട്രീയ നേതാക്കളുടേയും സംഭാഷണങ്ങളുടെ ദൃശ്യങ്ങൾ.

യുദ്ധവും സമാധാനവും തുടങ്ങുന്നതും അവസാനിക്കുന്നതും ഗാന്ധിജിയുടെ ആശയങ്ങൾ ചിത്രീകരിച്ചുകൊണ്ടാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആസന്നമായ ആണവയുദ്ധത്തിന്റെ വിവിധങ്ങളായ വശങ്ങൾ ചർച്ച ചെയ്യുന്ന ഈ ചിത്രം ആണവപരീക്ഷണകേന്ദ്രങ്ങൾക്ക് സമീപം ജീവിക്കുന്ന സാധാരണ മനുഷ്യരുടെ കെടുതികൾ വിവരിക്കുന്നു. ഹിരോഷിമ, നാഗസാക്കി എന്നിവിടങ്ങളിൽ തുടർക്കഥയാകുന്ന ദുരന്തങ്ങളുടെ ദൃശ്യങ്ങൾ പകർത്തുന്ന ഈ ചിത്രം അമേരിക്കയുടെ യുദ്ധക്കൊതിയും കച്ചവടക്കണ്ണുകളും വെളിവാക്കുന്നു. ഇന്ത്യ-പാക്ക് സമാധന ശ്രമങ്ങളുടെ പ്രസക്തിയാണ് ചിത്രത്തിന്റെ ഊന്നൽ.

'യുദ്ധവും സമാധാനവും' എന്ന ചിത്രത്തിന് അന്യായമായി കത്രിക വെച്ചത് മാത്രം എതിർത്താൽ പോര. സെൻസർ ബോർഡ് അടക്കമുള്ള ജനാധിപത്യസ്ഥാപനങ്ങൾ ജനാധിപത്യ വിരുദ്ധരായ അദൃശ്യശക്തികളുടെ കരങ്ങളിൽ നിന്ന് മോചിപ്പിക്കണമെന്നും ശക്തിയുക്തം ആവശ്യപ്പെടേണ്ടതുണ്ട്.

## 'രാം കേ നാം' മലപ്പുറത്ത് നിരോധിച്ചു

ആനന്ദ് പട്വർധന്റെ ഡോക്യുമെന്ററി സിനിമയായ 'രാം കേ നാം' മലപ്പുറം ജില്ലയിൽ നിരോധിച്ചു. ബാബറി മസ്ജിദിന്റെ തകർക്കലിലേക്ക് വഴി തെളിയിച്ച രാമന്റെ പേരിലെ ഫാസിസ്റ്റ് നീക്കങ്ങളെ പറ്റിയാണ് പട്വർധൻ 'രാം കേ നാ'മിൽ വിവരിക്കുന്നത്. കഴിഞ്ഞ പന്ത്രണ്ടു വർഷമായി ഇന്ത്യയുടെ പല ഭാഗങ്ങളിൽ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന , കേന്ദ്ര സർക്കാരിന്റെ സെൻസർ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ഈ ചലച്ചിത്രം ദൂരദർശനിൽ പോലും പ്രദർശിപ്പിച്ചിട്ടുള്ളതാണ്.